**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1053** **09-10-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷന്റെ ഭാഗമായി കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ റോഡുകൾ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടി ജലവിഭവ വകുപ്പ് കുഴിച്ചത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ റോഡുകൾ പുനരുദ്ധാരണ പ്രവർത്തികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ ജലവിഭവ വകുപ്പ് അടിയന്തരമായി സ്വീകരിക്കുമോ; | (ബി) | സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | തൃക്കലങ്ങോട്, പാണ്ടിക്കാട് ഗ്രാമപഞ്ചായത്തുകളിലെ ജലജീവൻ പദ്ധതിയുടെ നടപടിക്രമങ്ങൾ വിശദമാക്കാമോ; പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; | (സി) | മഞ്ചേരി മണ്ഡലത്തിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള 30642 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുള്ള കുടിവെള്ളപദ്ധതി പ്രവൃത്തി 6 പാക്കേജുകളിലായി നടപ്പിലാക്കി വരുന്നു.<br>തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയിൽ കിണറിന്റെയും, ജലശുദ്ധീകരണ ശാലയുടെയും പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. തൃക്കലങ്ങോട് പഞ്ചായത്തിലെ വിതരണ ശൃംഖലയുടെ പ്രവൃത്തി 30% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>തൃക്കലങ്ങോട് പഞ്ചായത്തിലെ 19 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതലജലസംഭരണി, പാണ്ടിക്കാട് 27ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണി എന്നിവയുടെ പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ടെങ്കിലും സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ക്ലിയർ വാട്ടർ പമ്പ് സെറ്റ് വിതരണം ചെയ്തിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിച്ച പദ്ധതി കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മഞ്ചേരി നഗരസഭയിൽ നടപ്പിലാക്കുന്ന 'അമൃത്' ജല പദ്ധതിയുടെ നടപടിക്രമങ്ങൾ വിശദമാക്കാമോ? | (ഡി) | മഞ്ചേരി നഗരസഭയിൽ നടപ്പിലാക്കുന്ന അമൃത് പദ്ധതിക്കായി 23.20 കോടി രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതിക്കുവേണ്ടി SMMU (AMRUT) ൽ സമർപ്പിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി തലവനായ AMRUT - SHPSC(State High Power Steering Committee) പ്രൊപോസൽ അംഗീകരിക്കുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ